നമ്പർ: E4-17623/18

സാമൂഹ്യനീതി ഡയറക്ടറേറ്റ്
വികാസ്ഭവൻ, തിരുവനന്തപുരം
Pin- 695 033. Ph: 0471- 2306040
email: swdkerala@gmail.com
തീയതി : 28.12.2018.

# പരിപത്രം

വിഷയം: സാമൂഹ്യനീതി വകുപ്പ്- ജീവനക്കാര്യം - അറ്റൻഡർ തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകുന്നത് സംബന്ധിച്ച് -

സൂചന: 1. സാമൂഹ്യനീതി ഡയറക്ടറുടെ 17.12.18ലെ ഇ3-36715/17 നമ്പർ ഉത്തരവ്.
2. സാമൂഹ്യനീതി ഡയറക്ടറുടെ 29.10.2015ലെ ഇ9-32708/17 നമ്പർ സീനിയോറിറ്റി ലിസ്റ്റ്.

ഒന്നാം സൂചിത ഉത്തരവ് പ്രകാരം സാമൂഹ്യനീതി ഡയറക്ടറേറ്റിൽ ഉണ്ടായിട്ടുള്ള അറ്റൻഡർ തസ്തികയിലെ ഒഴിവ് വകുപ്പിൽ നിലവിൽ OA / വാച്ച്മാൻ / വാച്ച്വുമൺ തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന SSLC യോഗ്യതയോ അല്ലെങ്കിൽ PSC നടത്തുന്ന അറ്റൻഡർ ടെസ്റ്റ് യോഗ്യതയോ നേടിയിട്ടുള്ളവരിൽ നിന്നും ഉദ്യോഗക്കയറ്റം വഴി നികത്തേണ്ടതുണ്ട്. ആയതിലേയ്ക്ക് 1.1.2001 മുതൽ 13.12.2010 വരെ വകുപ്പിൽ ജോലിയിൽ പ്രവേശിച്ച ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ സൂചന (2) പ്രകാരമുള്ള സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ജീവനക്കാരിൽ അറ്റൻഡർ തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം ലഭിക്കുന്നതിന് താൽപര്യമുള്ളവരുണ്ടെങ്കിൽ, ആയത് സംബന്ധിച്ച സമ്മതപത്രം 10.1.2019ന് മുൻപായി കാര്യാലയമേധാവി മുഖാന്തിരം ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്ന പ്രൊഫോർമയിൽ ഈ കാര്യാലയത്തിൽ ലഭ്യമാക്കുവാൻ താൽപ്പര്യപ്പെടുന്നു. സമയപരിധി കഴിഞ്ഞു ലഭിക്കുന്ന സമ്മതപത്രം പരിഗണിക്കുന്നതല്ല. അറ്റൻഡർ തസ്തികയിലെ ഒഴിവ് സാമൂഹ്യനീതി ഡയറക്ടറേറ്റിലായതിനാൽ സ്ഥാനക്കയറ്റം ലഭിക്കുന്ന ജീവനക്കാരൻ / ജീവനക്കാരി സാമൂഹ്യനീതി ഡയറക്ടറേറ്റിൽ സേവനമനുഷ്ഠിക്കേണ്ടതാണ്. സമ്മതപത്രം അനുബന്ധമായി ചേർത്തിരിക്കുന്നു.

സാമൂഹ്യനീതി ഡയറക്ടർക്കു വേണ്ടി

എല്ലാ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്കും.
(കാര്യാലയ മേധാവി മുഖേന)

പകർപ്പ്:-
1. എല്ലാ കീഴ് കാര്യാലയ മേധാവികൾക്കും (ജീവനക്കാരുടെ ശ്രദ്ധയിൽ കൊണ്ടുവരേണ്ടതാണ്.)
2. സൂപ്രണ്ട്, IT സെൽ (വെബ് സൈറ്റ് പ്രസിദ്ധീകരണത്തിന്)

db@

# സമ്മതപത്രം

സാമൂഹ്യനീതി വകുപ്പിൽ . . . . . . . . . . . . . . . തീയതിയിൽ ജോലിയിൽ പ്രവേശിച്ചതും നിലവിൽ ഈ വകുപ്പിനു കീഴിൽ . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . (ഓഫീസിന്റെ പേര്) ഓഫീസ് അറ്റൻഡന്റ് / വാച്ച്മാൻ / വാച്ച് വുമൺ തസ്തികയിൽ സേവനമനുഷ്ഠിച്ചുവരുന്നതുമായ എനിയ്ക്ക് സാമൂഹ്യനീതി ഡയറക്ടറേറ്റിൽ നിലവിലുള്ള അറ്റൻഡർ തസ്തികയിൽ ഉദ്യോഗക്കയറ്റം മുഖേന സേവനമനുഷ്ഠിക്കുന്നതിന് സമ്മതമാണെന്ന് അറിയിക്കുന്നു.

ഒപ്പ് :
ജീവനക്കാരന്റെ പേര് :
തസ്തിക :
കാര്യാലയം :

. . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . .(പേരും തസ്തികയും) . . . . . . . . . . . . . . . തീയതിയിൽ സാമൂഹ്യനീതി വകുപ്പിൽ ജോലിയിൽ പ്രവേശിച്ച ആളാണെന്നും ടിയാൾ SSLC / PSC നടത്തുന്ന അറ്റൻഡർ ടെസ്റ്റ് യോഗ്യത നേടിയിട്ടുള്ളയാളാണെന്നും സർട്ടിഫിക്കറ്റുകൾ പരിശോധിച്ച് ബോദ്ധ്യപ്പെട്ടിട്ടുണ്ടെന്നും സാക്ഷ്യപ്പെടുത്തുന്നു.

കാര്യാലയ മേധാവിയുടെ ഒപ്പ്
ഉദ്യോഗപ്പേര്

(ഓഫീസ് സീൽ)

*db@*